**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4093 — 16.03.2017 ന് മറുപടിയ്ക്ക്

## ഗജ വിജ്ഞാന കേന്ദ്രവും മ്യൂസിയവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആനകളെ കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സംസ്ഥാനത്ത് എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത്; | (എ) രാജ്യത്തെ വിവിധ സർവ്വകലാശാലകൾ/ ഗവേഷകർ/ വിദ്യാർത്ഥികൾ തുടങ്ങിയവർ അപേക്ഷിക്കുന്ന മുറയ്ക്ക്, കാട്ടാനകളെക്കുറിച്ചും, നാട്ടാനകളെക്കുറിച്ചും വേണ്ട പഠനം നടത്തുന്നതിനുള്ള അനുമതി നൽകാറുണ്ട്. ഇതല്ലാതെ ആനകളെക്കുറിച്ച് പഠിക്കുന്നതിന് മറ്റ് ഗവേഷണ സൗകര്യങ്ങളൊന്നും നിലവിൽ വനം വകുപ്പിൽ ലഭ്യമല്ല. |
| (ബി) ഇതിനായി ഒരു ഗജ വിജ്ഞാന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയായ KIIFB-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രം വികസിപ്പിക്കുന്നതിനായി 105 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. ഗജ വിജ്ഞാനകേന്ദ്രം ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരം ഉള്ള ഒരു ആന പുനരധിവാസ കേന്ദ്രമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) വനം വകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകൾ ഉൾപ്പെടെയുള്ളവ പ്രദർശിപ്പിക്കുന്നതിനായി ഒരു ആന മ്യൂസിയം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ആനക്കൊമ്പുകൾ ഉൾപ്പെടെയുള്ള വന്യജീവി ട്രോഫികൾ പൊതു ദർശനത്തിന് ഉപയോഗിക്കരുത് എന്ന വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ നിർദ്ദേശം ഉള്ളതിനാൽ ഇതു സംബന്ധിച്ച് നിയമപരമായ വിശദ പരിശോധനയും, ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിയും തേടേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ